## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1910 14.07.2011-ൽ മറുപടിയ്ക്ക്

## വയനാട്ടിലെ കാരപ്പാറ പദ്ധതി

**ചോദ്യം**

ശ്രീ. പി.എ.മാധവൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | വയനാട്ടിലെ കാരപ്പാറ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; ഇത് എത്ര ഘട്ടങ്ങളായിട്ടാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ; | എ) | വയനാട് ജില്ലയിൽ കാരാപ്പാറ എന്നൊരു പദ്ധതി നിലവിലില്ല. എന്നാൽ കാരാപ്പുഴ എന്ന പദ്ധതിയാണ് നിലവിലുള്ളത്. കാരാപ്പുഴ പദ്ധതിയുടെ പ്രധാന ലക്ഷ്യം ജലസേചനമാണ്. കൂടാതെ വൈദ്യുതി, ടൂറിസം, ഫിഷറീസ്, കുടിവെള്ളം എന്നിവയും കൂടി ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതി മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | നാളിതുവരെ എത്ര ഘട്ടങ്ങൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു. |
| സി) | ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് സർക്കാർ വിജ്ഞാപനം നടത്തിയതെന്ന് വ്യക്തമാക്കുമോ; | സി) | ഈ പദ്ധതിക്കായി ആകെ 1383.0475 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനാണ് സർക്കാർ വിജ്ഞാപനം നടത്തിയത്. |

| | |
|---|---|
| (ഡി) നാളിതുവരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും പ്രസ്തുത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ഡി) ഇതു വരെ 1368 ഹെക്ടർ സ്ഥലം ഈ പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതി പ്രദേശത്തെ കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ഇ) സ്വീകരിച്ചു കഴിഞ്ഞു. |
| (എഫ്) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) ഈ പദ്ധതി 2013 ഡിസംബറിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ